**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3257** **15-02-2024 - ൽ മറുപടിയ്ക്ക്**

**വടയാർ-ചന്തപാലം-മുളക്കുളം റോഡിന്റെ നിർമ്മാണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വൈക്കം, കടുത്തുരുത്തി മണ്ഡലങ്ങളിലൂടെ കടന്ന് പോകുന്ന വടയാർ-ചന്തപാലം-മുളക്കുളം റോഡിന്റെ നിർമ്മാണ കാലാവധി എന്നുവരെയാണെന്ന് അറിയിക്കുമോ; | (എ) | വടയാർ - ചന്തപാലം - മുളക്കുളം റോഡിന്റെ നിർമ്മാണ കാലാവധി 11.11.2023 വരെ ആയിരുന്നു. |
| (ബി) | നിലവിൽ നിർമ്മാണത്തിന്റെ എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്; | (ബി) | നിലവിൽ നിർമ്മാണ പുരോഗതി 25.34 ശതമാനമാണ് |
| (സി) | പ്രസ്തുത പ്രവൃത്തിക്ക് നിർമ്മാണ കരാറിലെ കാലാവധി അനുസരിച്ചുള്ള പുരോഗതിയില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനെ തുടർന്ന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (സി) | കരാറിലെ കാലാവധി അനുസരിച്ചുള്ള നിർമ്മാണ പുരോഗതി ഇല്ലാത്തതിനാൽ കോൺട്രാക്ടർക്ക് നോട്ടീസ് നൽകുകയും പുരോഗതി കൈവരിക്കാൻ കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | പിറവം റെയിൽവേ സ്റ്റേഷൻ, വെള്ളൂർ കെ.പി.പി.എൽ. എന്നിവിടങ്ങളിലേക്കുള്ള ഏക റോഡാണ് ഇതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | പ്രസ്തുത റോഡിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഇ) | 05.02.2024 ന് കെ.എസ്.റ്റി.പി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ കൂടിയ യോഗത്തിൽ റോഡിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കാനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. 2 ആഴ്ചയ്ക്കുള്ളിൽ പുരോഗതി കൈവരിച്ചില്ലെങ്കിൽ കരാർ വ്യവസ്ഥ പ്രകാരം കോൺട്രാക്ടർക്ക് Notice to correct നൽകാൻ കെ.എസ്.റ്റി.പി തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ